<u>ഭരണ ഭാഷ മാതൃഭാഷ</u>

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം-695011

കേരള സർക്കാർ
മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം

നമ്പർ.ബി 6/1906/2022/മെ.വി.വ. തീയതി: 23/08/2022

## <u>വിജ്ഞാപനം</u>

<u>ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആൻഡ് മിഡ് വൈഫറി കോഴ്സ് 2022-23</u>
<u>(പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവർക്ക് മാത്രം)</u>
<u>അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ദീർഘിപ്പിച്ചത് - സംബന്ധിച്ച്</u>

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് വേണ്ടി തിരുവനന്തപുരം/കോട്ടയം/കോഴിക്കോട് സർക്കാർ നഴ്സിംഗ് കോളേജുകളിൽ നടത്തുന്ന ഡിപ്ലോമ ഇൻ ജനറൽ നഴ്സിംഗ് ആൻഡ് മിഡ് വൈഫറി കോഴ്സ്, 2022-23 ലേക്കുള്ള പ്രവേശനത്തിനു വേണ്ടി അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2022 ഓഗസ്റ്റ് 17 ൽ നിന്നും 2022 ഓഗസ്റ്റ് 31 വരെയാക്കി ദീർഘിപ്പിച്ചിരിക്കുന്നു ..

അപേക്ഷകർ ഫിസിക്സ്, കെമിസ്ട്രി ബയോളജി എന്നിവ ഓപ് ഷണൽ വിഷയങ്ങളായും, ഇംഗ്ലീഷ് നിർബന്ധിത വിഷയമായും 40% മാർക്കോടുകൂടി +2 പരീക്ഷ പാസായിരിക്കണം. +2 ന് ശേഷം ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ അംഗീകാരമുള്ള സ്കൂളുകളിൽ നിന്നും ANM കോഴ്സ് പാസായവർക്കും അപേക്ഷിക്കാവുന്നതാണ്.

അപേക്ഷകർ 2022 ഡിസംബർ 31-ന് 17 വയസ്സ് പൂർത്തിയാക്കുന്നവരും 35 വയസ്സ് കഴിയാത്ത വരും ആയിരിക്കണം . ANM കോഴ്സ് പാസായവർക്ക് പ്രായപരിധി ബാധകമല്ല.
അഞ്ച് ശതമാനം സീറ്റുകൾ, കോഴ്സിന് അനുയോജ്യരാണെന്ന് വിലയിരുത്തുന്ന 40 മുതൽ 50 ശതമാനം വരെ അംഗപരിമിതിയുള്ളവർക്കായി( ലോവർ എക്സ്ട്രിമിറ്റി) സംവരണം ചെയ്തിരിക്കുന്നു.

അപേക്ഷ ഫോറവും, പ്രോസ്പെക്ടസും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ(www.dme.kerala.gov.in.) നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. അപേക്ഷകർ അപേക്ഷ ഫീസായ 100 രൂപ 0210-03-105-99 എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടയ്ക്കേണ്ടതും, പൂരിപ്പിച്ച അപേക്ഷയോടൊപ്പം അസ്സൽ ട്രഷറി ചെല്ലാൻ സമർപ്പിക്കേണ്ടതുമാണ്(ട്രഷറി ചെല്ലാന്റെ ഫോട്ടോ കോപ്പി സ്വീകരിക്കുന്നതല്ല)

പൂരിപ്പിച്ച അപേക്ഷകൾ ഫോട്ടോ പതിപ്പിച്ച് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തി അസ്സൽ

ട്രഷറി ചെല്ലാൻ, എസ്.എസ്.എൽ.,സി പ്ലസ് ടു/തത്തുല്യം, ജാതി, സ്വദേശം/താമസം,സ്വഭാവം, ഫിസിക്കൽ ഫിറ്റ്നസ് എന്നീ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം (പ്രോസ്പെക്ടസ് ഖണ്ഡിക '17' പ്രകാരം) 2022 ഓഗസ്റ്റ് 31-ന് മുൻപായി തിരുവനന്തപുരത്തുള്ള മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിൽ ലഭിക്കേണ്ടതാണ്. വൈകി കിട്ടുന്നതും നിർദിഷ്ട രീതിയിൽ പൂരിപ്പിക്കാത്തതുമായ അപേക്ഷകൾ നിരസിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിലും(www.dme.kerala.gov.in.), GNM-22 പ്രോസ്പെക്ടസിലും ലഭ്യമാണ്. ഈ ഓഫീസുമായി ബന്ധപ്പെടുവാനുള്ള ടെലിഫോൺ നമ്പർ:0471 2528569.

Signature Not Verified

Digitally signed by THOMAS MATHEW
Date: 2022.08.23 14:20:15 IST
Reason: Approved
Location: THIRUVANANTHAPURAM

വിശ്വസ്തതയോടെ

ഡയറക്ടർ

THOMAS MATHEW
DIRECTOR

പകർപ്പ്: 1. പട്ടിക ജാതി വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം

2. പട്ടിക വർഗ്ഗ വികസന ഡയറക്ടറേറ്റ്, തിരുവനന്തപുരം
3. ആദിവാസി മഹാസഭ, ആദിവാസി ഭവൻ,വിളുര,തിരുവനന്തപുരം
4. ഡയറക്ടർ,പബ്ലിക് റിലേഷൻസ്,തിരുവനന്തപുരം
5. ആകാശവാണി,തിരുവനന്തപുരം/കോഴിക്കോട്
6. ദൂരദർശൻ,തിരുവനന്തപുരം/കോഴിക്കോട്
7. പ്രിൻസിപ്പൽ, സർക്കാർ നഴ്സിംഗ് കോളേജ്, തിരുവനന്തപുരം/ആലപ്പുഴ/കോട്ടയം /തൃശ്ശൂർ/കോഴിക്കോട്/എറണാകുളം/കണ്ണൂർ
8. ഡി.എം.ഇ.-യുടെ സി.എ. (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
9. ഡി.എം.ഇ/ജെ.ഡി.എം.ഇ(എം&ജി)/ജെ.ഡി.എൻ.ഇ,എന്നിവരുടെ സി.എ മാർക്ക്
10. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (അക്കാഡമിക്)
11. സീനിയർ സൂപ്രണ്ട്(അക്കാഡമിക്)
12. സർജന്റ്
13. നോട്ടീസ് ബോർഡ്
14. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി